<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 54</u> <u>10-02-2025 - ൽ മറുപടിയ്ക്ക്</u>

<u>മണിയാർ പദ്ധതി കരാർ കാലാവധി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മണിയാറിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിക്കായി കെ.എസ്.ഇ.ബി. കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡുമായി ഉണ്ടാക്കിയ കരാർ കാലാവധി നീട്ടാൻ കമ്പനി സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; അറിയിക്കുമോ; | (എ) | മണിയാറിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിക്കായി കെ.എസ്.ഇ.ബി.ലിമിറ്റഡും കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡുമായി ഉണ്ടാക്കിയ കരാർ കാലാവധി ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കമ്പനി സംസ്ഥാന സർക്കാരിന് **11.10.2021**-ൽ കത്ത് നൽകിയിട്ടുണ്ട് .<br><br>പ്രസ്തുത കത്തിൽ **2018**ലെ പ്രളയം മൂലം ജലവൈദ്യുതി പദ്ധതിക്ക് നാശനഷ്ട മുണ്ടായതിനാൽ ഗണ്യമായ നിക്ഷേപം നടത്തിയെന്നും ഇതുമൂലം കമ്പനിക്കുണ്ടായ നഷ്ടം നികത്തുന്നതിനും വ്യവസായം വിപുലീകരിക്കുന്നതിനുമായി കരാർ കാലാവധി ഇരുപത്തിയഞ്ച് വർഷത്തേക്ക് കൂടി ദീർഘിപ്പിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. കമ്പനി നടത്തുന്ന തുടർനിക്ഷേപങ്ങളുടെയും അതുവഴി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളും കണക്കിലെടുത്ത് കമ്പനിയുടെ അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു.<br><br>കരാർ കാലാവധി നീട്ടുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ്, നിയമ വകുപ്പ്, വ്യവസായ വകുപ്പ് എന്നിവരുടെ അഭിപ്രായങ്ങൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളും സർക്കാർ വിശദമായി പരിശോധിച്ചു വരുകയാണ്. കെ.എസ്.ഇ.ബി.എൽ-ന് ദോഷകരമാകാത്തതും വ്യാവസായിക അന്തരീക്ഷത്തിന് ഗുണകരമാകുന്നതുമായ തീരുമാനമെടുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | കരാറിന്റെ കാലാവധി നീട്ടാൻ കമ്പനി നൽകിയ കത്തിൽ എന്തൊക്കെ കാരണങ്ങളാണ് സൂചിപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | മണിയാറിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിക്കായി കെ.എസ്.ഇ.ബി.ലിമിറ്റഡും കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡുമായി ഉണ്ടാക്കിയ കരാർ കാലാവധി ദീർഘിപ്പിക്കുന്നതുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് കമ്പനി സംസ്ഥാന സർക്കാരിന് 11.10.2021-ൽ കത്ത് നൽകിയിട്ടുണ്ട് .<br><br>പ്രസ്തുത കത്തിൽ 2018ലെ പ്രളയം മൂലം ജലവൈദ്യുതി പദ്ധതിക്ക് നാശനഷ്ട മുണ്ടായതിനാൽ ഗണ്യമായ നിക്ഷേപം നടത്തിയെന്നും ഇതുമൂലം കമ്പനിക്കുണ്ടായ നഷ്ടം നികത്തുന്നതിനും വ്യവസായം വിപുലീകരിക്കുന്നതിനുമായി കരാർ കാലാവധി ഇരുപത്തിയഞ്ച് വർഷത്തേക്ക് കൂടി ദീർഘിപ്പിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. കമ്പനി നടത്തുന്ന തുടർനിക്ഷേപങ്ങളുടെയും അതുവഴി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളും കണക്കിലെടുത്ത് കമ്പനിയുടെ അപേക്ഷ സർക്കാർ പരിശോധിച്ച് വരുന്നു.<br><br>കരാർ കാലാവധി നീട്ടുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ്, നിയമ വകുപ്പ്, വ്യവസായ വകുപ്പ് എന്നിവരുടെ അഭിപ്രായങ്ങൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളും സർക്കാർ വിശദമായി പരിശോധിച്ച് വരുകയാണ്. കെ.എസ്.ഇ.ബി.എൽ-ന് ദോഷകരമാകാത്തതും വ്യാവസായിക അന്തരീക്ഷത്തിന് ഗുണകരമാകുന്നതുമായ തീരുമാനമെടുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (സി) | പ്രസ്തുത കമ്പനിയുമായുള്ള കരാർ നീട്ടിനൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | മണിയാറിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിക്കായി കെ.എസ്.ഇ.ബി.ലിമിറ്റഡും കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡുമായി ഉണ്ടാക്കിയ കരാർ കാലാവധി ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കമ്പനി സംസ്ഥാന സർക്കാരിന് 11.10.2021-ൽ കത്ത് നൽകിയിട്ടുണ്ട് .<br><br>പ്രസ്തുത കത്തിൽ 2018ലെ പ്രളയം മൂലം ജലവൈദ്യുതി പദ്ധതിക്ക് നാശനഷ്ട മുണ്ടായതിനാൽ ഗണ്യമായ നിക്ഷേപം നടത്തിയെന്നും ഇതുമൂലം കമ്പനിക്കുണ്ടായ നഷ്ടം നികത്തുന്നതിനും വ്യവസായം വിപുലീകരിക്കുന്നതിനുമായി കരാർ കാലാവധി ഇരുപത്തിയഞ്ച് വർഷത്തേക്ക് കൂടി ദീർഘിപ്പിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. കമ്പനി നടത്തുന്ന തുടർനിക്ഷേപങ്ങളുടെയും അതുവഴി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളും കണക്കിലെടുത്ത് കമ്പനിയുടെ അപേക്ഷ സർക്കാർ പരിശോധിച്ച് വരുന്നു.<br><br>കരാർ കാലാവധി നീട്ടുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ്, നിയമ വകുപ്പ്, വ്യവസായ വകുപ്പ് എന്നിവരുടെ അഭിപ്രായങ്ങൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളും സർക്കാർ വിശദമായി പരിശോധിച്ച് വരുകയാണ്. കെ.എസ്.ഇ.ബി.എൽ-ന് |

| | | | |
|---|---|---|---|
| | | | ദോഷകരമാകാത്തതും വ്യാവസായിക അന്തരീക്ഷത്തിന് ഗുണകരമാകുന്നതുമായ തീരുമാനമെടുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ